# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/103/2018 2018 മെയ് 16

## പത്രക്കുറിപ്പ്

**പരീക്ഷാ തീയതി**

നാലാം സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം/എം.സി.ജെ./എം.എസ്.ഡബ്ല്യു/എം.ടി.എ. (സി.എസ്.എസ്., 2016 അഡ്മിഷൻ-റഗുലർ/2013, 2014 & 2015 അഡ്മിഷൻ സപ്ലിമെന്ററി/മേഴ്‌സി ചാൻസ്) പരീക്ഷകൾ മെയ് 24ന് ആരംഭിക്കും.

**പ്രാക്ടിക്കൽ**

അഞ്ചാം സെമസ്റ്റർ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് (സി.ബി.സി.എസ്.എസ്., 2013, 2014 & 2015 അഡ്മിഷൻ) (പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് മാത്രം) മേയ് 2018 പരീക്ഷയുടെ പ്രാക്ടിക്കൽ മെയ് 22ന് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**ബി.കോം (പ്രൈവറ്റ്) ഉത്തരക്കടലാസ്**

(ദയവായി എല്ലാ എഡിഷനുകളിലും)

2018 ഏപ്രിൽ മാസത്തിൽ നടന്ന അഞ്ചും ആറും സെമസ്റ്റർ ബി.കോം (പ്രൈവറ്റ്) പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയത്തിനായി നിയോഗിക്കപ്പെട്ട അദ്ധ്യാപകർ ബന്ധപ്പെട്ട മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിന്നും 18ന് ഉത്തരക്കടലാസുകൾ ഏറ്റുവാങ്ങേണ്ടതാണ്.

**പരീക്ഷാഫലം**

2018 മാർച്ച് മാസത്തിൽ നടത്തിയ ആറാം സെമസ്റ്റർ ബി.ബി.എ., ബി.സി.എ., ബി.ബി.എം., ബി.എഫ്.ടി., ബി.ടി.എസ്., ബി.പി.ഇ., ബി.എസ്.ഡബ്ല്യു. (സി.ബി.സി.എസ്.എസ്. മോഡൽ - 3, 2015 അഡ്മിഷൻ റഗുലർ, 2013 - 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 31 വരെ അപേക്ഷിക്കാം.

**സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോംഗ് ലേണിംഗിൽ യു.പി.എസ്.സി. സിവിൽ സർവ്വീസ് പ്രാഥമിക പരീക്ഷാ പരിശീലനത്തിന് ഈപേ സംവിധാനത്തിലൂടെ 200 രൂപ അടച്ച് മെയ് 18 വരെ ബിരുദവിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ശനി, ഞായർ, മറ്റൊഴിവ് ദിവസങ്ങളിലായാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. റിട്ട. ഡി.ജി.പി. ഡോ. അലക്സാണ്ടർ ജേക്ബാണ് ഓണററി ഡയറക്ടർ. ജൂൺ 2ന് നടത്തുന്ന അഭിരുചി എഴുത്തുപരീക്ഷയിലെ മികവിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം. വിശദമായ വിജ്ഞാപനവും അപേക്ഷാഫോമും www.mgu.ac.in, www.dllemgu.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2731560, 2731724. ഇമെയിൽ: mgulifelong@gmail.com

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**